നികുതി കുടിശ്ശിക

117 (2355) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോടതിയുടേയോ, സർക്കാരിന്റേയോ ആയിട്ടുള്ള സ്റ്റേകൾ (കോടതിയുടെ സ്റ്റേകൾ) മൂലം പിരിച്ചെടുക്കാൻ ബാക്കി നില്പുള്ള (നികുതി കുടിശ്ശിക) തുക എത്ര ;

(ബി) ഏതെല്ലാം നികുതികൾ എത്ര കോടി രൂപ വീതം പിരിച്ചെടുക്കാൻ സാധിക്കാത്തതായുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കോടതിയുടെ സ്റ്റേമൂലം 31-3-2014-ലെ കണക്ക് പ്രകാരം വാണിജ്യ നികുതി ഇനത്തിൽ പിരിച്ചെടുക്കാൻ ബാക്കി നില്പുള്ള (നികുതി കുടിശ്ശിക) 881.29 കോടി രൂപയും സർക്കാർ സ്റ്റേമൂലം പിരിച്ചെടുക്കാൻ ബാക്കി നിൽപ്പുള്ള (നികുതി കുടിശ്ശിക) 230.19 കോടി രൂപയുമാണ് (ഇൻസ്റ്റാൾമെന്റില്ലാതെ). കോടതിയുടെ സ്റ്റേമൂലം രജിസ്ട്രേഷൻ വകുപ്പിൽ 4.64 കോടി രൂപ (2014 ഒക്ടോബർ മാസം വരെ) പിരിച്ചെടുക്കാൻ ബാക്കി നിൽപ്പുണ്ട്. 31-10-2014-ലെ കണക്കുകൾ പ്രകാരം കോടതിയുടെ സ്റ്റേമൂലം അബ്കാരി കുടിശ്ശിക ഇനത്തിൽ 25,98,90,784 രൂപ പിരിച്ചെടുക്കാൻ ബാക്കിനിൽപ്പുണ്ട്. കോടതി സ്റ്റേമൂലം മോട്ടാർ വാഹന വകുപ്പിന് 42,00,000 രൂപ പിരിച്ചെടുക്കാൻ ബാക്കിനിൽപ്പുണ്ട്. മോട്ടാർ വാഹനം, എക്സൈസ്, രജിസ്ട്രേഷൻ എന്നീ വകുപ്പുകളിൽ സർക്കാർ തലത്തിൽ സ്റ്റേ നൽകിയിട്ടില്ല.

(ബി) രജിസ്ട്രേഷൻ വകുപ്പിന്റെ കണക്കുകൾ പ്രകാരം 1986-87 മുതൽ 2013-14 സാമ്പത്തിക വർഷം വരെ അണ്ടർ വാല്യുവേഷൻ കേസുകളിൽ നിന്നും 176.37 കോടി രൂപ പിരിഞ്ഞ് കിട്ടാനുണ്ട്. കോടതികൾ സ്റ്റേ ചെയ്തിരിക്കുന്ന വിവിധ അബ്കാരി കുടിശ്ശിക സംബന്ധമായ 25,98,90,784 രൂപയും റവന്യൂ റിക്കവറി സർട്ടിഫിക്കറ്റ് (RRC) മടങ്ങിയതിൽ ഉൾപ്പെട്ട 28,13,16,385 രൂപയും പിരിച്ചെടുക്കാൻ സാധിക്കാത്തതായി നിലനിൽക്കുന്നു. മോട്ടോർ വാഹന വകുപ്പിനെ സംബന്ധിച്ചിടത്തോളം പിരിച്ചെടുക്കാൻ സാധിക്കാത്തതായി യാതൊരു നികുതിയുമില്ല. മറ്റ് വകുപ്പുകളെ സംബന്ധിക്കുന്ന വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly